**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 220** **07-10-2025 - ൽ മറുപടിയ്ക്ക്**

**കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ ഡി കെ മുരളി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പ്രത്യേകമായ സംവിധാനം ഒരുക്കിയിട്ടുണ്ടോ; ഇതിനായി പ്രത്യേക ലാബുകൾ സജ്ജീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ കുടിവെള്ളത്തിന്റെ ഗുണ നിലവാരം പരിശോധിക്കുന്നതിന് KWA യുടെ കീഴിൽ ഒരു സ്റ്റേറ്റ് ലാബും 14 ജില്ലാ ലാബുകളും 71 സബ് ജില്ലാ ലാബുകളും നിലവിൽ ഉണ്ട്. വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ ആക്ഷൻ പ്ലാൻ അനുസരിച്ച് എല്ലാ മാസവും അതാത് ജില്ലകളിലെ വാട്ടർ അതോറിറ്റി സ്കീമുകൾ വഴി നൽകുന്ന ജലത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരം ലാബിൽ പരിശോധിച്ച് വരുന്നുണ്ട്. ഭൗതിക, രാസ, ജൈവ വിഭാഗങ്ങളിലായി കുടിവെള്ളത്തിന്റെ നിറം, മണം, രുചി, അമ്ലത, ക്ഷാരത്വം, കലക്കൽ, പിഎച്ച് മൂല്യം, കാഠിന്യം, കാൽസ്യം, മഗ്നീഷ്യം, വൈദ്യുത ചാലകത, റ്റി. ഡി. എസ്., ഇരുമ്പ്, ഫ്ളൂറൈഡ്, നൈട്രേറ്റ്, സൾഫേറ്റ്, അവക്ഷിപ്ത ക്ളോറിൻ, ടോട്ടൽ കോളിഫോം ബാക്ടീരിയ, ഇ-കോളി ബാക്ടീരിയ, ഓയിൽ ആൻറ് ഗ്രീസ് മുതലായ പരാമീറ്ററുകൾ പരിശോധിച്ചുവരുന്നു.<br><br>ഭൂജലഗുണനിലവാരം പരിശോധിക്കുന്നതിനായി ഭൂജലവകുപ്പിനു കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജിയണുകളിലായി മൂന്ന് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ലാബുകളിൽ വകുപ്പിന് സംസ്ഥാനത്തൊട്ടാകെ യുള്ള നിരീക്ഷണക്കിണറുകളിലെ ഭൂജലവും ഗാർഹിക/ വ്യാവസായിക/മറ്റു സ്ഥാപനങ്ങൾ എന്നിവ മുഖേന ലഭ്യമാകുന്ന ഭൂജല സാമ്പിളുകളും പരിശോധിക്കുന്നതിനുള്ള സൗകര്യം സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് ജലഗുണനിലവാര പ്രശ്നങ്ങൾ കൂടുതലായി നിലനിൽക്കുന്ന 14 ബ്ലോക്കുകളിൽ വകുപ്പിന്റെ മൊബൈൽ ലബോറട്ടറിയുടെ സൗകര്യം |

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുത്തി ആദ്യ ഘട്ട പരിശോധന പൂർത്തീകരിച്ച ഡാറ്റ വാലിഡേഷൻ പുരോഗമിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ജലഗുണനിലവാര പരിശോധനാ ലാബുകൾക്ക് എൻ. എ. ബി. എൽ. -ന്റെ അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ടോ; ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | സ്റ്റേറ്റ് ലാബും 14 ജില്ലാ ലാബുകളും NABL Accreditation മാനദണ്ഡ പ്രകാരം പ്രവർത്തിക്കുന്നു. 71 സബ് ജില്ലാ ലാബുകൾ NABL Recognition മാനദണ്ഡ പ്രകാരം പ്രവർത്തിക്കുന്നു. ISO/IEC 17025: 2017 Standard പ്രകാരം പ്രവർത്തിക്കുന്ന ലാബുകൾക്ക് NABL Audit നടത്തി അംഗീകാരം നൽകുന്നു. ISO/IEC 17025 : 2017 Standard ൽ പ്രതിപാദിച്ചിരിക്കുന്ന ലബോറട്ടറി സൗകര്യങ്ങളും ജലഗുണ നിലവാര ടെസ്റ്റുകൾ നടത്തുന്നതിന് ആവശ്യമായ അന്താരാഷ്ട്ര ഗുണനിലവാരമുള്ള രാസവസ്തുക്കളും, ഉപകരണങ്ങളും കാര്യക്ഷമത യുള്ള ലബോറട്ടറി സ്റ്റാഫും അത്യന്താ പേക്ഷിതമാണ്. ലബോറട്ടറി ഈ ടെസ്റ്റുകൾ നടത്തുന്നതിൽ അന്താരാഷ്ട്ര നിലവാരം പുലർത്തുന്നുണ്ടോ എന്നത് ഉറപ്പുവരുത്താൻ എല്ലാ വർഷവും അതിനായി നിയോഗിക്കപ്പെടുന്ന NABL ഓഡിറ്റേഴ്സ് ശുപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ accreditation നിലനിർത്തി പോരുന്നു.<br><br>ഭൂജല വകുപ്പിന്റെ എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലാബിന് NABL അക്രെഡിറ്റേഷൻ ലഭ്യമായിട്ടുണ്ട്. ISO/IEC 17025 മാനദണ്ഡമനുസരിച്ചാണ് വകുപ്പിന്റെ എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലാബിന് NABL അക്രെഡിറ്റേഷൻ ലഭ്യമായത്. |
| (സി) | ജലഗുണനിലവാര പരിശോധനയ്ക്കായി ജില്ലകളിൽ പ്രത്യേക സംവിധാനമുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്.<br><br>സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകളിൽ നിന്നും (കിണർ, കുളം, നദി) വാട്ടർ അതോറിറ്റിയുടെ കുടിവെള്ള വിതരണ ശൃംഖലകളിൽ നിന്നും കൃത്യമായ ഇടവേളകളിൽ സാമ്പിൾ ശേഖരിച്ച് 14 ജില്ലാ ലാബുകളും 71 സബ് ജില്ലാ ലാബുകളും മുഖാന്തരം കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തി വരുന്നു. കൂടാതെ 5% റഫറൽ സാമ്പിളുകൾ എറണാകുളത്തുള്ള സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർ ക്വാളിറ്റിയിൽ ടെസ്റ്റ് ചെയ്യുന്നുണ്ട്. കേരള വാട്ടർ അതോറിറ്റി മുഖേന വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താൻ ജില്ലാ, സബ് ജില്ലാ, സ്റ്റേറ്റ് ലാബുകളിലായി ഭൗതിക, രാസ, ജൈവ വിഭാഗങ്ങളിലായി കുടിവെള്ളത്തിന്റെ നിറം, മണം, രുചി, അമ്ലത, ക്ഷാരത്വം, കലക്കൽ, പി.എച്ച്. മൂല്യം, കാഠിന്യം, കാൽസ്യം, മഗ്നീഷ്യം, വൈദ്യുത ചാലകത, റ്റി.ഡി.എസ്., ഇരുമ്പ്, ഫ്ലൂറൈഡ്, നൈട്രേറ്റ്, |

| | | | |
|---|---|---|---|
| | | | സൾഫേറ്റ്, അവക്ഷിപ്ത ക്ളോറിൻ, ടോട്ടൽ കോളിഫോം ബാക്ടീരിയ, ഇ-കോളി ബാക്ടീരിയ, ഓയിൽ ആന്റ് ഗ്രീസ് മുതലായ ഘടകങ്ങൾ പരിശോധിച്ചുവരുന്നു.<br><br>ഭൂജലവകുപ്പിനു കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജിയണുകളിലായി മൂന്ന് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ലാബുകളിലായി 14 ജില്ലകളിലേയും ജലഗുണനിലവാര പരിശോധനകൾ നടത്തി വരുന്നു. |
| (ഡി) | കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിനായി കുടുംബശ്രീ വനിതകൾക്ക് പ്രത്യേക പരിശീലനവും ഇതനുസരിച്ച് ടെസ്റ്റ് നടത്തുന്നതിനുള്ള പ്രവർത്തനവും നടത്തിവരുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ഫീൽഡ് ടെസ്റ്റ് കിറ്റുകൾ (FTK) ഉപയോഗിച്ച് കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിനായി ഫീൽഡ് ടെസ്റ്റ് കിറ്റുകൾ വാങ്ങുന്നതിന് ജൽ ജീവൻ മിഷനിൽ 21/08/2020-ൽ 2.0 കോടി രൂപയുടെ ഭരണാനുമതിയും 18/09/2021-ൽ 5.56 കോടി രൂപയുടെ ഭരണാനുമതിയും ലഭിക്കുകയും, 1.2705 കോടി രൂപയുടെ ഫീൽഡ് ടെസ്റ്റ് കിറ്റുകൾ വാങ്ങുകയും ചെയ്തിരുന്നു. ഫീൽഡ് ടെസ്റ്റുകൾ നടത്തുന്നതിന് കുടുംബശ്രീ ഡയറക്ടറുമായി കേരള വാട്ടർ അതോറിറ്റി MoU ഒപ്പ് വയ്ക്കുകയും 5000 കുടുംബശ്രീ വനിതകൾക്ക് പരിശീലനം നൽകുകയും ചെയ്തിരുന്നു. പ്രസ്തുത MoU കാലാവധി 2022 ഓഗസ്റ്റ് മാസത്തിൽ അവസാനിച്ചു. അതേ നിരക്കിൽ തുടരാൻ കുടുംബശ്രീ വിസമ്മതിച്ചതിനെ തുടർന്ന് ഫീൽഡ് ടെസ്റ്റ് കിറ്റുകൾ ഉപയോഗിച്ചുള്ള ഗുണനിലവാര പരിശോധന തുടരാൻ സാധിച്ചില്ല. |

സെക്ഷൻ ഓഫീസർ